# International Theatre Institute ITI
**World Organization for the Performing Arts**

## ലോക തീയെറ്റർദിന സന്ദേശം - 2026 മാർച്ച് 27

സന്ദേശകാരൻ : വില്ലെം ദെഫോ, യുഎസ്എ
നടൻ, തീയെറ്റർ മേക്കർ

മലയാള മൊഴിമാറ്റം

---

## ലോക തീയെറ്റർദിന സന്ദേശം 2026 - വില്ലെം ദെഫോ

ഒരു നടനാണ് ഞാൻ, മുഖ്യമായും ഒരു ചലച്ചിത്രനടനായി അറിയപ്പെടുന്നയാൾ. എന്നാൽ, എന്റെ വേരുകൾ ആഴ്ന്നുനിൽക്കുന്നത് തീയെറ്ററിലാണ്. 1977 മുതൽ 2003 വരെ 'വൂസ്റ്റർ ഗ്രൂപ്പിൽ' അംഗമായി ന്യൂ യോർക്ക് സിറ്റിയിലെ 'പെർഫോമിംഗ് ഗാരേജിൽ' രംഗാവതരണങ്ങൾ സ്വന്തമായി രൂപപ്പെടുത്തി അവിടെ അവതരിപ്പിക്കുകയും ആ മൗലികസൃഷ്ടികൾ ലോകമെമ്പാടുമുള്ള വേദികളിലെത്തിക്കുകയും ചെയ്തുപോന്നു. റിച്ചേഡ് ഫോർമൻ, റോബെർട്ട് വ്ൽസൺ, റൊമേയോ കാസ്റ്റെലൂച്ചി എന്നിവരോടൊപ്പവും എനിക്ക് പ്രവർത്തിക്കാനായി. ഇപ്പോൾ വെനീസ് തീയെറ്റർ ബിനാലെയുടെ ആർടിസ്റ്റിക് ഡിറക്റ്ററാണ്. ഈ നിയമനവും ലോകത്തെ സ്ഥിതിഗതികളും തീയെറ്റർ പ്രവർത്തനത്തിലേക്ക് തിരിച്ചെത്താനുള്ള എന്റെ അഭിലാഷവും തീയെറ്ററിന്റെ പ്രാധാന്യത്തേയും അനന്യമായ പ്രഭാവത്തേയുംകുറിച്ച് എനിക്കുള്ള വിശ്വാസത്തെ ഉറപ്പോടെ വാർത്തെടുത്തിരിക്കുന്നു.

ന്യൂയോർക്ക് ആസ്ഥാനമായ വൂസ്റ്റർ ഗ്രൂപ്പിലെ എന്റെ എളിയ തുടക്കത്തിന്റെ കാലത്ത്, ഞങ്ങളുടെ തീയെറ്ററിൽ നടക്കുന്ന ചില രംഗാവതരണങ്ങൾക്ക് വളരെ കുറച്ച് കാണികളെ മാത്രമേ കിട്ടിയിരുന്നുള്ളൂ. കാണികളേക്കാളേറെ അഭിനേതാക്കൾ എന്ന നിലയുണ്ടാകുമ്പോൾ ആ പ്രകടനം റദ്ദാക്കാൻ നമുക്ക് തീരുമാനിക്കാമെന്നത് മിക്കവാറും നിയമമായിരുന്നു. എന്നിട്ടും, ഞങ്ങളൊരിക്കലുമത് ചെയ്തില്ല. കംപനിയിലേറെപ്പേരും തീയെറ്ററിൽ പരിശീലനം നേടി വന്നവരായിരുന്നില്ല; വ്യത്യസ്ത മേഖലകളിൽനിന്നെത്തി രംഗാവതരണങ്ങൾ രൂപപ്പെടുത്താൻ ഒന്നുചേർന്നവരായിരുന്നു. അതുകൊണ്ട്, 'എന്തുവന്നാലും അവതരണം മുടങ്ങരുത്' എന്നത് ശരിക്കും ഞങ്ങൾക്കൊരു മന്ത്രമൊന്നുമല്ലാതിരുന്നിട്ടും പ്രേക്ഷകരുമായുള്ള ഞങ്ങളുടെ സംഗമം തുടരുകയെന്നത് ഒരു ഉത്തരവാദിത്തമായി ഞങ്ങൾക്ക് അനുഭവപ്പെട്ടു.

പലപ്പോഴും, പകലുകളിൽ രംഗാവതണപരിശീലനം നടത്തുന്നതും അന്നന്ന് രൂപപ്പെടുന്ന ഭാഗങ്ങളെ നിർമാണപുരോഗതിയുടെ നിദർശനമെന്നോണം വൈകുന്നേരങ്ങളിൽ അവതരിപ്പിക്കുന്നതുംകൂടി ഞങ്ങൾക്ക് പതിവായിരുന്നു. ചിലകാലങ്ങളിൽ, ഒരൊറ്റ അവതരണം രൂപപ്പെടുത്തുന്നതിന് ഞങ്ങൾ വർഷങ്ങൾ ചെലവഴിക്കും. അക്കാലത്തെ നിലനിൽപ്പിനായി, ഞങ്ങളുടെ പഴയ പ്രകടനങ്ങൾ പലയിടങ്ങളിൽ അവതരിപ്പിക്കും. ഒറ്റ സൃഷ്ടിക്കു വേണ്ടി വർഷങ്ങളോളം പ്രവർത്തിക്കുന്നത് പലപ്പോഴും എനിക്ക് മടുപ്പുണ്ടാക്കും. ആവർത്തിച്ചുള്ള പരിശീലനങ്ങൾ എന്റെ ക്ഷമയെ പരീക്ഷിക്കും. പക്ഷേ, വൈകുന്നേരങ്ങളിലെ ആ നിർമാണപുരോഗതി അവതരണങ്ങൾ എപ്പോഴും ആവേശകരമായിരുന്നു-കാണികളുടെ എണ്ണത്തിലെ കുറവ് ഞങ്ങൾ ചെയ്തുകൊണ്ടിരുന്ന കാര്യങ്ങളിൽ ആളുകൾക്ക് എത്രത്തോളം താൽപര്യമുണ്ടെന്നതിന്റെ നിർദയമായ വിലയിരുത്തലായിരുന്നെങ്കിൽകൂടിയും. എണ്ണത്തിൽ എത്രയും കുറവാണെങ്കിലും സാക്ഷികളായി സന്നിഹിതരായിരിക്കുന്ന ആ സദസ്യർ തീയെറ്ററിന് അതിന്റെ അർത്ഥവും ജീവനും നൽകുന്നതായ് അന്ന് ഞാൻ തിരിച്ചറിഞ്ഞു.

ചൂതാട്ടശാലയിൽ പ്രദർശിപ്പിക്കുന്ന സൂചനാഫലകത്തിലെ ആ പ്രസ്താവനപോലെ "നേട്ടം ലഭിക്കണമെങ്കിൽ നിങ്ങളിവിടെ സന്നിഹിതരായേ പറ്റൂ." ചിട്ടപ്പെടുത്തപ്പെട്ടതും സുനിശ്ചിതമായി വിന്യസിക്കപ്പെട്ടതും ആയിരിക്കാമെങ്കിലും ഓരോ അവതരണത്തിലും ഭിന്നമായ്ത്തീരുന്ന ഒരു സൃഷ്ടിപ്പിന്റെ അനുഭവം തൽസമയം ഒരുമിച്ചുപങ്കിടാനാവുന്നു എന്നതാണ് തീർച്ചയായും തീയെറ്ററിന്റെ സുവ്യക്തമായ കരുത്ത്. ഈ ലോകത്തെക്കുറിച്ചും നമ്മെക്കുറിച്ചുതന്നെയുമുള്ള ബോധ്യങ്ങൾക്ക് രാഷ്ട്രീയമായിട്ടും സാമൂഹികമായിട്ടും തീയെറ്റർ ഇത്രത്തോളം മർമ്മപ്രധാനവും അത്യന്താപേക്ഷിതവുമായ മറ്റൊരു കാലമില്ല.

ബന്ധങ്ങൾ വാഗ്ദാനം ചെയ്തുകൊണ്ടിരിക്കെത്തന്നെ മനുഷ്യരെ തമ്മിൽ ഭിന്നിപ്പിക്കുകയും ഒറ്റപ്പെടുത്തുകയും ചെയ്യുന്നതായികാണുന്ന, പുതിയ സാങ്കേതികവിദ്യകളും സോഷ്യൽ നെറ്റ്‌വർക്കിങ്ങുമാണ് ആ അളവിൽ പരിശോധിക്കപ്പെടാതെ നമുക്കിടയിൽ ഭീമാകൃതി പൂണ്ട് നിലകൊള്ളുന്ന സത്യം. സോഷ്യൽമീഡിയ അക്കൗണ്ടുകൾ ഒന്നുമില്ലെങ്കിലും നിത്യവും ഞാനെന്റെ കംപ്യൂട്ടർ ഉപയോഗിക്കുന്നു; ഒരു നടനെന്ന നിലയിൽ എന്നെത്തന്നെ ഗൂഗിളിൽ തിരഞ്ഞിട്ടുപോലുമുണ്ട്; വിവരശേഖരണത്തിന് നിർമ്മിതബുദ്ധിയുടെ സഹായം തേടിയിട്ടുണ്ട്. പക്ഷേ, മനുഷ്യബന്ധങ്ങളെ നീക്കി അതിന്റെ സ്ഥാനത്ത് യന്ത്രോപകരണങ്ങളോടുള്ള ബാന്ധവം പ്രതിഷ്ഠിക്കപ്പെടുന്ന അപായം കാണാതിരിക്കണമെങ്കിൽ നിങ്ങൾ കണ്ണുകെട്ടിയിരുന്നേ പറ്റൂ. ചില സാങ്കേതികവിദ്യകൾ നമുക്ക് സഹായകമാകുമ്പോഴും, ആശയവിനിമയചക്രത്തിന്റെ മറുതലക്കൽ ആരാണെന്ന് തിരിച്ചറിയാനാവാത്തതിന്റെ സങ്കീർണത ആഴ്ന്നുചെന്ന് വസ്തുതയേയും യാഥാർത്ഥ്യത്തേയും കുറിച്ചുള്ള പ്രതിസന്ധിയിലേക്ക് പതിക്കുന്നു. ഇന്റർനെറ്റിന് ചോദ്യങ്ങൾ ഉയർത്താൻ കഴിയുമെങ്കിലും തീയെറ്റർ സൃഷ്ടിക്കുന്ന ആ വിസ്മയാനുഭൂതിയെ കൈപ്പിടിയിലാക്കാൻ അതിന് മിക്കപ്പോഴും കഴിയുന്നില്ല. ആ വിസ്മയത്തിന്റെ അടിത്തറ, പ്രവൃത്തി-പ്രതികരണങ്ങളുടെ ഒരു ചാക്രികമണ്ഡലത്തിൽ സന്നിഹിതരായവരുടെ ഇടപെടലുകളും ശ്രദ്ധയും, സ്വാഭാവികമായും അപ്പോഴവിടെ സ്വയമേവ ഉരുവപ്പെടുന്നൊരു 'സമൂഹ'വുമാണ്.

നടനെന്ന നിലക്കും തീയെറ്റർ അവതരണങ്ങൾ രൂപപ്പെടുത്തുന്നയാളെന്ന നിലക്കും, തീയെറ്ററിന്റെ അപാരമായ ശക്തിക്കുമുന്നിൽ ഒരു അചഞ്ചലവിശ്വാസിയായി ഞാൻ തുടരുന്നു. വിഭജനങ്ങളിലേക്കും നിയന്ത്രണാധികാരത്തിലേക്കും അക്രമാസക്തിയിലേക്കും കൂടുതൽകൂടുതൽ നീങ്ങിക്കൊണ്ടിരിക്കുന്നതായി കാണുന്ന ലോകത്ത്, ചിന്തകളെ വക്രീകരിച്ച് വഴിതെറ്റിക്കുന്നതിലൂടെയുള്ള വിനോദത്തിനു മാത്രമായ് സമർപ്പിക്കപ്പെട്ടൊരു കച്ചവടസംരംഭമാക്കിയോ യാഥാസ്ഥിതികപാരമ്പര്യങ്ങളുടെ, വരൾച്ച ബാധിച്ചൊരു, വ്യവസ്ഥാപിത കാവലാളാക്കിയോ തീയെറ്ററിനെ മായംകലർത്തി അധഃപതിപ്പിക്കുന്നതിൽനിന്ന് വിട്ടുനിൽക്കുക എന്നതാണ് തീയെറ്റർ അവതരണങ്ങൾ നിർമ്മിക്കുന്നവരെന്ന നിലക്ക് നമ്മൾ നേരിടുന്ന വെല്ലുവിളി. അതിനപ്പുറം, മനുഷ്യരേയും സമൂഹങ്ങളേയും സംസ്കാരങ്ങളേയും തമ്മിൽതമ്മിൽ ബന്ധിപ്പിക്കാൻ തീയെറ്ററിനുള്ള ശക്തിയെ പരിപോഷിപ്പിക്കുകയും എല്ലാറ്റിനും മീതെ, നമ്മുടെ പോക്ക് എങ്ങോട്ടാണെന്ന ചോദ്യം ഉയർത്തുകയുംകൂടി വേണം.

മികച്ച തീയെറ്റർ പ്രവർത്തനമെന്നത്, നമ്മുടെ ചിന്താരീതികളെ വെല്ലുവിളിക്കുകയെന്നതും നമ്മുടെ അഭിലാഷങ്ങളെ വിഭാവന ചെയ്യാൻ പ്രചോദനം നൽകുകയെന്നതുമാണ്.

നമ്മൾ സാമൂഹ്യജീവികളും ലോകവുമായുള്ള പ്രവൃത്തി-പ്രതികരണങ്ങൾക്ക് പാകത്തിന് ജൈവികമായി തയ്യാറാക്കപ്പെട്ടവരുമാണ്. നമ്മുടെ ഓരോ ജ്ഞാനേന്ദ്രിയവും ലോകവുമായുള്ള സമാഗമത്തിലേക്ക് തുറക്കുന്ന കവാടങ്ങളാകുന്നു. ആ കൂടിക്കാഴ്ചയിലൂടെ, 'നമ്മൾ ആരാണ്' എന്ന് നിർവചിക്കുന്നതിൽ, കൂടുതൽ വ്യക്തത നമുക്ക് കൈവരുന്നു. ഒരു സമഗ്രകലയെന്ന നിലയിൽ, കഥപറച്ചിൽ, സൗന്ദര്യശാസ്ത്രം, ഭാഷ, ചലനം, സീനോഗ്രഫി എന്നിവയിലൂടെ, നമ്മുടെ ലോകം എന്താണെന്നും എന്തായിരുന്നുവെന്നും ഇനി എന്തായിത്തീരാമെന്നും നമുക്ക് കാട്ടിത്തരാൻ തീയെറ്ററിന് സാധിക്കും.

മലയാള മൊഴിമാറ്റം - മൊഹബ്ബത്ത് ഹോസാ